## അശ്വാരൂഢന്റെ വരവ്

പെരുമ്പടവം



**'സങ്കീർത്തന'ത്തിനു ശേഷം**
**പെരുമ്പടവത്തിന്റെ മറ്റൊരു ക്ലാസിക്.**

ലോകം കീഴടക്കിയ മഹാനായ അലക്സാണ്ടറുടെ
അന്ത്യനിമിഷങ്ങളിലൂടെയുള്ള യാത്ര.

കീഴടക്കിയ സാമ്രാജ്യങ്ങളും വെട്ടിപ്പിടിച്ച സൗഭാഗ്യങ്ങളും
എത്രമേൽ നശ്വരവും നിസ്സാരവുമെന്ന്
ചക്രവർത്തി തിരിച്ചറിയുന്നു.

മനോരമ ബുക്സ്
₹ 160
Novel
ISBN: 978-93-89649-43-7

പെരുമ്പടവം • അശ്വാരൂഢന്റെ വരവ്



പെരുമ്പടവം

# അശ്വാരൂഢന്റെ വരവ്

മലയാള മനോരമ

2407
LIBRARY
College of ... KVASU Thiruvazhamkunnu 678 601

2407 25

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2407 Call No. ..........................

This book should be returned on or before the date last given below.

**Aswaaroodante Varavu**
Novel
*Malayalam Language*
**Perumbadavam Sreedharan**
First Published: December 2020
Cover & Illustrations : Gopikrishnan
Copyright: Reserved
Printed at :
Anaswara Offset Pvt. Ltd., Kochi
Publishers:
Manorama Books, Kottayam
Website: www.manoramabooks.com
ISBN: 978-93-89649-43-7
No part of this publication may be reproduced or transmitted in any form or by any means, without prior written permission of the publisher.
Price : ₹ 160

# അശ്വാരൂഢന്റെ വരവ്

നോവൽ

പെരുമ്പടവം ശ്രീധരൻ

മനോരമ ബുക്സ്

## പെരുമ്പടവം ശ്രീധരൻ

നോവലിസ്റ്റ്, കഥാകൃത്ത്, തിരക്കഥാകൃത്ത്.

മൂവാറ്റുപുഴ താലൂക്കിലെ പെരുമ്പടവം ഗ്രാമത്തിൽ 1938 ഫെബ്രുവരി 12 നു ജനിച്ചു. കുട്ടിക്കാലം തൊട്ടേ സാഹിത്യത്തിൽ താൽപര്യമുണ്ടായി. എഴുത്തിന്റെ ആരംഭം കവിതയിലായിരുന്നു. പിന്നീട് കഥയിലേക്കും നോവലിലേക്കും തിരിഞ്ഞു. *അഭയം, അഷ്ടപദി, ആയില്യം, അന്തിവെയിലിലെ പൊന്ന്, കാൽവരിയിലേക്ക് വീണ്ടും, പ്രദക്ഷിണവഴി, എന്റെ ഹൃദയത്തിന്റെ ഉടമ, ഒരു സങ്കീർത്തനം പോലെ, അരൂപിയുടെ മൂന്നാം പ്രാവ്, ശംഖുമുദ്രയുള്ള വാൾ, നാരായണം, ഒരു കീറ് ആകാശം* എന്നീ നോവലുകളും *വേനലിൽ പൂക്കുന്ന മരം, ഇലത്തുമ്പുകളിലെ മഴ, ദൈവത്തിന്റെ കാട്ടിലെ ഒരില, ഡിസംബർ, രണ്ടു സങ്കടങ്ങൾ കണ്ടുമുട്ടുമ്പോൾ* എന്നീ ചെറുകഥാസമാഹാരങ്ങളുമാണ് പ്രധാന കൃതികൾ. *അഭയം* കേരളശബ്ദം അവാർഡിനും, *അഷ്ടപദി* കേരളസാഹിത്യ അക്കാദമി അവാർഡിനും. *അന്തിവെയിലിലെ പൊന്ന്* ഗൾഫ് മലയാളികൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട നോവലിനുള്ള അവാർഡിനും അർഹമായി. *ഒരു സങ്കീർത്തനംപോലെ* വയലാർ അവാർഡ് ഉൾപ്പെടെ ഒൻപത് അവാർഡുകൾ നേടി. അബുദാബി മലയാളി സമാജം സാഹിത്യ അവാർഡ്, അബുദാബി ശക്തി അവാർഡ്, വി.ടി. ഭട്ടതിരിപ്പാട് സ്മാരക സാഹിത്യ അവാർഡ്, കാവ്യമണ്ഡലം അവാർഡ്, കേരള കൾച്ചറൽ സെന്റർ അവാർഡ്, മഹാകവി ജി. സ്മാരക അവാർഡ്, ദുബായ് കൈരളി കലാകേന്ദ്രം രജത ജൂബിലി സാഹിത്യ അവാർഡ്, മസ്കറ്റ് മലയാളി സമാജം സാഹിത്യ അവാർഡ്, മലയാറ്റൂർ അവാർഡ് എന്നിങ്ങനെ. *ഒരു സങ്കീർത്തനം പോലെ, അഭയം, നാരായണം* ഉൾപ്പെടെ ചില കൃതികൾ ഇന്ത്യൻ ഭാഷകളിലും വിദേശ ഭാഷകളിലും തർജമ ചെയ്തിട്ടുണ്ട്. 12 ചലച്ചിത്രങ്ങൾക്ക് തിരക്കഥയെഴുതി. *സൂര്യദാഹത്തിന്* കേരളാ സ്റ്റേറ്റ് ഫിലിം അവാർഡും, *അഷ്ടപദിക്ക്* ഫിലിം ക്രിട്ടിക്സ് അവാർഡും, *നിലാവിന്റെ ഭംഗിക്ക്* സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അവാർഡും കിട്ടി. കേരള സാഹിത്യ അക്കാദമിയിലും ഫിലിം സെൻസർ ബോർഡിലും സാഹിത്യ പ്രവർത്തക സഹകരണസംഘം ഡയറക്ടർ ബോർഡിലും അംഗമായിരുന്നു. കേരള സാഹിത്യ അക്കാദമി മുൻ പ്രസിഡന്റ്.

വിലാസം:

പെരുമ്പടവം വീട്,
തമലം,
തിരുവനന്തപുരം - 695 012

## ആമുഖം

### ചരിത്രത്തിന്റെ രഥമോടുന്ന നെടുമ്പാതയ്ക്കരികിൽ

ഊരിപ്പിടിച്ച വാളുമായി മാസിഡോണിയയിൽനിന്നു സൈന്യവുമായി പുറപ്പെട്ട് എട്ടു വർഷംകൊണ്ടു ലോകത്തിന്റെ മുക്കാൽ ഭാഗത്തോളം കീഴടക്കി ഒടുവിൽ ഇന്ത്യയുടെ അതിർത്തിയോളം വന്നെത്തിയ അലക്സാണ്ടർ യുദ്ധങ്ങളിൽ കൊന്നൊടുക്കിയ മനുഷ്യരുടെ സംഖ്യ ഞെട്ടിപ്പിക്കുന്നതായിരുന്നു. പോയേടത്തൊക്കെ കൊലക്കളങ്ങൾ സൃഷ്ടിച്ച അലക്സാണ്ടർ എങ്ങനെ മഹാനായി?

ആറോ ഏഴോ ജീവചരിത്രങ്ങൾ വായിച്ചിട്ടും ആ ചോദ്യം എന്നിൽ ബാക്കിയായി. ചരിത്രവും ചരിത്രകാരന്മാരും മഹാനെന്നു വിളിച്ച അലക്സാണ്ടറെ സംശയിക്കാൻ എനിക്കെന്തവകാശം?

യുദ്ധം രാജാവിന്റെ വിധിയാണെന്നു വിചാരിക്കാൻ കഴിഞ്ഞേക്കും. ആക്രമിക്കാൻ വരുന്ന ശത്രുരാജ്യത്തിന്റെ ശക്തികളെ നേരിടാൻ വാളെടുക്കേണ്ടി വരുമായിരിക്കും. അതുപോലെയാണോ കണ്ണിൽക്കണ്ട രാജ്യങ്ങളെയൊക്കെ ആക്രമിച്ചു കീഴടക്കാൻ ഒരുമ്പെടുന്നത്? യുദ്ധത്തിൽ മരിച്ച നിരപരാധികളും നിസ്സഹായരുമായ ജനങ്ങളുടെ സങ്കടങ്ങൾക്ക് ആര് ഉത്തരം പറയും?

ആരും ഉത്തരം പറയുന്നില്ല.

ചരിത്രം അലക്സാണ്ടറെ മഹാനെന്നു വാഴ്ത്തിക്കൊണ്ടിരിക്കുന്നു.

ഞാൻ ചരിത്രത്തോടും ചരിത്രകാരന്മാരോടും വിയോജിക്കുന്നു.

മരണം ഉറപ്പായ സന്ദർഭത്തിൽ തന്റെ കിടക്കയ്ക്കരികിൽ നിന്നവരോട് തന്റെ മൃതദേഹം സ്വർണംകൊണ്ടുണ്ടാക്കിയ ശവപ്പെട്ടിയിൽവച്ച് അലക്സാന്ദ്രിയയിൽ കൊണ്ടുപോയി സംസ്കരിക്കണമെന്ന് അപേക്ഷിക്കുമ്പോൾ മാത്രമാണ് ആ ആജീവനാന്തയോദ്ധാവിന്റെ ഉള്ളിൽ ഒരു പച്ച മനുഷ്യൻ ഉയിർത്തെഴുന്നേൽക്കുന്നത്. തന്റെ ശൂന്യമായ കൈകൾ ശവപ്പെട്ടിയുടെ പുറത്തേക്കിടണമെന്നും താൻ ജീവിതത്തിൽ നിന്ന് ഒന്നും കൊണ്ടുപോകുന്നില്ലെന്ന് ലോകത്തെ ബോധ്യപ്പെടുത്തണമെന്നും അപേക്ഷിച്ച അലക്സാണ്ടറെ ജീവിതത്തിന്റെ രണ്ടറ്റവും കണ്ട ഒരാളെന്ന നിലയിൽ നാം തിരിച്ചറിയുന്നു.

അപ്പോൾ അലക്സാണ്ടർ കുട്ടിക്കാലത്ത് അരിസ്റ്റോട്ടിലിന്റെ ശിഷ്യനായിരുന്നെന്നും ഒരു നദീതീരത്തിന്റെ ഏകാന്തതയിൽവച്ച് അലക്സാണ്ടർ മഹാജ്ഞാനിയും ഭിക്ഷാംദേഹിയുമായ ഡയോജനീസിനെ കണ്ടിട്ടുണ്ടെന്നും ഓർക്കാൻ കഴിയും.

ആ നിമിഷത്തിൽനിന്നാണ് ഈ നോവലിന്റെ ആരംഭം. 'ഒരു സങ്കീർത്തനംപോലെ'യിൽ ദസതയേവ്സ്കി എന്ന ചരിത്രപുരുഷനെ ഒരു കഥാപാത്രമാക്കിത്തീർത്തതുപോലെ അലക്സാണ്ടറെ ചരിത്രപുരുഷനെന്ന നിലയ്ക്കപ്പുറത്ത് ഒരു കഥാപാത്രമാക്കി തീർക്കുകയായിരുന്നു എഴുത്തിന്റെ രഹസ്യം.

ചരിത്രം വേറെ, നോവൽ വേറെ.

അലക്സാണ്ടർ എന്ന മനുഷ്യൻ ഹൃദയത്തിൽ സഹിക്കുന്ന ആത്മവ്യഥകളും ആത്മസംഘർഷങ്ങളുമാണ് എന്നെ ആകർഷിച്ചത്. ബാബിലോണിയൻ കൊട്ടാരത്തിന്റെ മട്ടുപ്പാവിൽ ദൂരെനിന്നു കേൾക്കുന്ന കുതിരക്കുളമ്പടികൾക്കു കാതോർത്ത് അലക്സാണ്ടർ നിൽക്കുന്നു; അലക്സാണ്ടർക്കറിയാം കുതിരപ്പുറത്തു വരുന്നത് തന്റെ മരണമാണെന്ന്.

എന്റെ വായനക്കാരോടുള്ള സ്നേഹവും നന്ദിയും അറിയിച്ചുകൊണ്ട്,

വിനയപൂർവം<br>
പെരുമ്പടവം ശ്രീധരൻ<br>
തിരുവനന്തപുരം<br>
15.11.2020